## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **28-02-2023 - ൽ മറുപടിയ്ക്ക്**

## വനശ്രീ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വനശ്രീ എന്ന സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) | വനംവകുപ്പ്, തടിയേതര വനവിഭവങ്ങളുടെ വില്പനയ്ക്കായി ആരംഭിച്ച വിപണന ശൃംഖലയാണ് ‘വനശ്രീ’. ഇതിനായി വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ വനശ്രീ മുഖേന വിൽപ്പന നടത്തുന്നു. വനമേഖലയിൽ നിന്നും ശേഖരിയ്ക്കുന്ന തടിയേതര വനവിഭവങ്ങൾ ദീർഘകാലം കേട് കൂടാതെ സൂക്ഷിക്കുവാനും, മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതു വഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ അവസരങ്ങളും, വരുമാനവും ഉറപ്പാക്കുവാനും ‘വനശ്രീ’ മുഖാന്തിരം സാധിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ആകെ എത്ര വനശ്രീ പ്രവർത്തിക്കുന്നുണ്ടെന്നും 2021-2022 സാമ്പത്തിക വർഷം അതിലൂടെ ലഭിച്ച വരുമാനം എത്രയെന്നും അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ രണ്ടു മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 69 “വനശ്രീ ഇക്കോഷോപ്പുകൾ" പ്രവർത്തിക്കുന്നുണ്ട്. 2021-2022 സാമ്പത്തിക വർഷത്തിൽ വനശ്രീ ഇക്കോഷോപ്പുകൾ വഴി ₹4,32,20,828 (നാലു കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തിനായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട് രൂപ)വരുമാനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ